**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.692** | **09.02.2015 ൽ മറുപടിയ്ക്ക്**

## ഭാരത ദർശൻ യാത്ര

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പി.സി. വിഷ്ണുനാഥ്**<br>**ശ്രീ. വി.റ്റി. ബൽറാം**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് ഭാരത ദർശൻ യാത്രാപദ്ധതി നടപ്പാക്കി യിട്ടുണ്ടോ ; | എ) ഉണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട ഭാരത് ദർശൻ യാത്ര ,എസ്.റ്റി ഭാരത് ദർശൻ യാത്ര എന്നിങ്ങനെ രണ്ടുതരം ഭാരതദർശൻ യാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | ബി) കേരളത്തിലെ യുവാക്കൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും, വിവിധ ഭാഷാ സംസ്കാരങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് ഭാരതദർശൻ യാത്ര സംഘടിപ്പിക്കുന്നത്. |
| സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) ജനറൽ വിഭാഗങ്ങൾക്കുള്ള ഭാരതദർശന് യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകർ, കേരളോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ, ദേശീയ യുവോത്സവ വിജയികൾ എന്നിവരെയാണ് തെരഞ്ഞെടുക്കുന്നത്. എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭാരത ദർശനിൽ എസ്.റ്റി വിഭാഗത്തിൽപ്പെട്ട 18 നും 40 നും മദ്ധ്യേ പ്രായമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയാണ് തെരഞ്ഞെടുക്കുന്നത്. |

ജനറൽ കാറ്റഗറിയിലുള്ള ഭാരതദർശൻ 2013 ഫെബ്രുവരി 20 ന് തിരുവനന്തപുരത്ത് നിന്ന് ട്രെയിൻ യാത്ര ആരംഭിച്ച് ഗോവ, അഹമ്മദാബാദ്, ജോധ്പൂർ, ജയ്പൂർ, ഉദയ്പൂർ, ഹൈദ്രാബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 2013 മാർച്ച് 6 ന് തിരുവനന്തപുരത്ത് തിരി ച്ചെത്തി. ആദ്യ പട്ടിക വർഗ്ഗ ഭാരതദർശൻ 2013 നവംബർ 22 മുതൽ 26 വരെയും രണ്ടാമത് പട്ടിക വർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയും സംഘടിപ്പിച്ചു.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**